**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈല്ഡ് പ്രൊട്ടക്ഷന് സൊസൈറ്റി- മെംബര് സെക്രട്ടറിയുടെ നടപടി ക്രമങ്ങള്**

**(ഹാജർ: പ്രിയങ്ക ജി IAS, ഡയറക്ടര് വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/3417/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 14-10-2022

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ICPS - തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2022 മാർച്ച് മുതൽ ജൂലൈ വരെയുള്ള കെട്ടിട വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1 . തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:DCPO/T/C1/1614/21 തീയതി :22/07/2022

2 . 05.03.2021 ലെ വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

3. ഈ കാര്യാലയത്തിലെ 04.11.2021, 18.03.2022 തീയതികളിലെ ICPS 4(ബി)// 2021 നമ്പർ നടപടിക്രമം

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവര്ത്തിക്കുന്ന വാടക കെട്ടിടത്തിൻ റെ 2022 - 23 സാമ്പത്തിക വർഷത്തിലെ ലഭ്യത രഹിത സാക്ഷ്യപത്രം പരാമർശം (1) പ്രകാരം ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രതിമാസം 25,000/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്. ആയതു പ്രകാരം തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2021 ഓഗസ്റ്റ് മുതൽ 2022 ഫെബ്രുവരി വരെയുള്ള കെട്ടിട വാടക പരാമർശം (3) പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ, ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം വാടകയിൽ പരമാവധി അനുവദിക്കാവുന്ന 15,000/-രൂപയിൽ അധികരിച്ച് വരുന്ന തുക ജില്ലകൾക്ക് അനുവദിക്കുന്നതിനു അനുമതി നൽകി പരാമർശം (2) പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമുണ്ട്.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2022 മാർച്ച് മുതൽ ജൂലൈ വരെ പ്രതിമാസം 25,000/- രൂപ നിരക്കിൽ കെട്ടിട വാടക ഇനത്തിൽ ആകെ **1,25,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക **1,25,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം )** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീംമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737

2278/2022

IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ 04.02 (DCPU Rent for Hiring) കംപോണെന്റിൽ നിന്നും തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ആഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്കും , വനിത ശിശു വികസന ഓഫീസർ തുക തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്കും അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസര് അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs. 1,25,000/- രൂപയുടെ രസീത്, ധനവിനിയോഗ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ വനിതാ ശിശു വികസന ഓഫീസർ, തിരുവനന്തപുരം

<u>പകർപ്പ് :</u>

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ,തിരുവനന്തപുരം
2. സൂപ്രണ്ട് A സെക്ഷൻ (PFMS)
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്